**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6650** **21-03-2023 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ടൗണിലെ ജില്ലാ കോടതി പാലം, മത്സ്യഗന്ധി വാടയ്ക്കൽ പൊഴിപാലം, പള്ളാത്തുരുത്തി പാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി., പി.എം.യു മുഖാന്തരം നടപ്പിലാക്കുന്ന ആലപ്പുഴ ടൗണിലെ ജില്ലാകോടതി പാലം, പള്ളാത്തുരുത്തി പാലം, പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന മത്സ്യഗന്ധി വാടയ്ക്കൽ പൊഴിപാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1)ജില്ലാകോടതി പാലം**<br><br>ആലപ്പുഴ ജില്ലയിലെ കോടതിപ്പാലം പ്രവൃത്തിക്കായി 26.02.2021 തീയതിയിലെ ഉത്തരവ് നം. പി.ഡബ്ല്യൂ.ഡി-001-34-എ.പി.ആർ /2021/ കെ.ഐ.ഐ.എഫ്.ബി പ്രകാരം 120.52 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ പ്രസ്തുത പദ്ധതിക്കായി 113 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതിനുള്ള 28.25 കോടി രൂപയും ഉൾപ്പെടുന്നു. സ്ഥലമേറ്റെടുക്കുന്ന തുമായി ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയായ 20.6കോടി രൂപ 25.05.2022 തീയതിയിൽ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.<br><br>**2)പള്ളാത്തുരുത്തി ഔട്ട്പോസ് പാലം**<br><br>17.01.2018 തീയതിയിലെ ഉത്തരവ് നം. APR-1/30/2018/KIIFB പ്രകാരം 59.50 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിക്കായി 288 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 6.26 കോടി രൂപ ഉൾപ്പെടുന്നു. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിൻജൻസി ചാർജായി 50 ലക്ഷം രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി കെട്ടിടങ്ങളുടെ വിശദമായ മൂല്യനിർണ്ണയം നടത്തി വരുന്നു. പ്രസ്തുത പാലത്തിന്റെ മാക്സിമം ഫ്ളഡ് ലെവലിൽ (എം.എഫ്.എൽ) മാറ്റം ഉള്ളതിനാൽ പുതുക്കിയ ഡ്രോയിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.<br><br>**3) മത്സ്യഗന്ധി വാടയ്ക്കൽ പൊഴിപ്പാലം**<br><br>മത്സ്യഗന്ധി വാടയ്ക്കൽ പൊഴിപാലത്തിന് എസ്.ആർ 2022-23 പ്രവൃത്തിയിൽ ഉൾപ്പെടുത്തി 65 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 28.30 ആർസ് സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. അതിനായി 1,91,38,868/- രൂപ 08/03/2019 തീയതിയിലെ സ.ഉ.(സാധാ)നം.393/2019/ പൊ.മ.വ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 05/07/2019 ലെ G.O.(Rt)No.1807/2019 പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ എൽ.എ നടപടി പൂർത്തിയാക്കുന്നതിന് 17,87,918/- രൂപ കൂടി നഷ്ടപരിഹാരത്തുക ലഭ്യമാക്കണമെന്ന് എൽ.എ തഹസിൽദാർ ആവശ്യപ്പെട്ടതനുസരിച്ച് തുക അനുവദിക്കുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; ആയതിലേയ്ക്കായി സ്ഥലമേറ്റെടുക്കേണ്ടതായിട്ടുണ്ടോ; ഓരോന്നിനും എത്ര വീതം സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; ഇതിനായി എത്ര വീതം തുകയാണ് ഓരോന്നിനും വേണ്ടത്; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | ആയതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ